# ഭരണഭാഷ - മാതൃഭാഷ

നമ്പർ. C1/12071/19/GECSKP

Office of the Principal, Govt. Engineering College,
Sreekrishnapuram
Palakkad

തീയതി: 21.12.2019

**<u>സർക്കുലർ</u>**

വിഷയം:- സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ശ്രീകൃഷ്ണപുരം - അനുമതിയില്ലാത്ത വിദ്യാർത്ഥികളുടെ പഠനയാത്രകൾ - സംബന്ധിച്ച്

സൂചന :- പ്രിൻസിപാളുടെ 12/12/2019 തിയ്യതിയിലെ കുറിപ്പ്

ഈ കലാലയത്തിലെ ഒരു കൂട്ടം വിദ്യാർഥികൾ, കോളേജ് അധികാരികളുടെ അനുമതി വാങ്ങിയെന്ന് രക്ഷിതാക്കളെ തെറ്റിദ്ധരിപ്പിച്ച് ദൂര സ്ഥലങ്ങളിലേക്ക് പഠനയാത്രയെന്ന വ്യാജേന വിനോദയാത്ര നടത്താൻ ഉദ്ദേശിക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അദ്ധ്യയനം മുടക്കിയുള്ള ഇത്തരം യാത്രകളിൽ നിന്നും എല്ലാ വിദ്യാർത്ഥികളും കർശനമായി ഒഴിഞ്ഞു നിൽക്കേണ്ടതാണ്. ഈ സ്ഥാപനം പ്രസ്തുത യാത്രകളെ ഒരിക്കലും അനുവദിക്കുന്നതല്ല എന്ന് എല്ലാ വിദ്യാർത്ഥികളെയും ഇതിനാൽ അറിയിക്കുന്നു.

കൂടാതെ, ഇത്തരം യാത്രയിൽ പങ്കെടുത്ത് **അറ്റൻഡൻസ് കുറവു വരികയാണെങ്കിൽ ആയത് ബന്ധപ്പെട്ട വിദ്യാർഥിയുടെ മാത്രം ബാധ്യത ആയിരിക്കും എന്നും മെഡിക്കൽ ലീവ് അടക്കം യാതൊരു വിധ ലീവും അനുവദിക്കുകയില്ലെന്നും അറിയിക്കുന്നു.** പഠന യാത്രയുമായി ബന്ധപ്പെട്ട ഡി.ടി.ഇ യിൽ നിന്നുള്ള സർക്കുലർ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

കെടിയു നിഷ്കർഷിച്ചിട്ടുള്ള ഇൻഡസ്റ്റി വിസിറ്റ് 2/3 വർഷ വിദ്യാർഥികൾക്ക് നിബന്ധനകൾക്കു വിധേയമായി നടത്താവുന്നതാണ്.

YEARS OF
CELEBRATING
THE MAHATMA

**ഡോ.പി. സി .രഘുരാജ്.**
പ്രിൻസിപ്പൾ

സ്വീകർത്താവ്

1. വെബ് അഡ്മിൻ
2. നോട്ടീസ് ബോർഡ്
3. എല്ലാ വകുപ്പ് മേധാവിമാർക്കും (to inform parents)
4. Digital signage
5. PTA Secretary, to infrom Exe.com members

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

Draft #1 of File C1/12071/19/GECSKP Approved by Principal on 21-Dec-2019 11:48 AM - Page 1

നം.സി3/26800/2018/ഡിറ്റിഇ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 20/07/2018

## സർക്കുലർ

വിഷയം:- സാങ്കേതികം- വിദ്യാഭ്യാസം എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുടെ പഠനയാത്ര നിബന്ധനകൾ പാലിയ്ക്കുന്നത് സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിലെ 09.09.2016-ാം തീയതിയിലെ സി3/31929/16/ഡിറ്റിഇ –ാം നമ്പർ സർക്കുലർ.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പഠനയാത്രയുമായി ബന്ധപ്പെട്ട് പാലിയ്ക്കേണ്ട വ്യവസ്ഥകൾ 01.10.2016-ാം തീയതി പ്രാബല്യം നൽകികൊണ്ട് മേൽ സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരിക്കുന്നു. എന്നാൽ പല സ്ഥാപന മേധാവികളും മേൽസർക്കുലറിലെ നിബന്ധനകൾ പാലിയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. വിദ്യാർത്ഥികളുടെ സുരക്ഷയെ മുൻനിർത്തി മേൽസൂചന പ്രകാരം പുറപ്പെടുവിച്ച സർക്കുലറിലെ നിബന്ധനകൾ കർശനമായും പാലിച്ചിട്ടുണ്ടോയെന്ന് സ്ഥാപന മേധാവി ഉറപ്പാക്കേണ്ടതും പ്രസ്തുതകാര്യം സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. നിബന്ധനകൾ പാലിയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നതുമൂലമുണ്ടാകുന്ന എല്ലാവിധ ബുദ്ധിമുട്ടുകൾക്കും സ്ഥാപനമേധാവി വ്യക്തിപരമായി ഉത്തരവാദിയായിരിയ്ക്കും. പഠനയാത്രാനുമതിയ്ക്കുള്ള അപേക്ഷകൾ രണ്ടാഴ്ചമുൻപ് ബന്ധപ്പെട്ട മേഖലാ കാര്യാലയങ്ങളിൽ എത്തിയ്ക്കേണ്ടതാണ്. നിബന്ധനകളുടെ പട്ടിക സർക്കുലറിനോടൊപ്പം ചേർക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്/-
സീനിയർ ജോയിന്റ് ഡയറക്ടർ (ഇസിഎസ്)

പകർപ്പ്:-

എല്ലാ എഞ്ചിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾമാർക്കും (എയ്ഡഡ് ഉൾപ്പെടെ) അറിവിലേയ്ക്ക്

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്

സൂപ്രണ്ട്

150 YEARS OF CELEBRATING THE MAHATMA

## പഠനയാത്രയുമായി ബന്ധപ്പെട്ട നിബന്ധനകൾ സൂചിപ്പിക്കുന്ന പട്ടിക

| ക്രമ നമ്പർ | വിശദാംശങ്ങൾ | ഉണ്ട്/ ഇല്ല |
|---|---|---|
| 1 | സ്ഥാപനമേധാവിയുടെ വിശദമായ കത്ത് ഉൾപ്പെടുത്തിയിട്ടുണ്ടോ. | |
| 2 | വിദ്യാർത്ഥികളുടെ ലിസ്റ്റിൽ ആൺ/പെൺ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടോ | |
| 3 | എസ്.സി/എസ്.ടി/ഒ.ഇ.സി എന്നീ വിദ്യാർത്ഥികളുടെ പേരും അവർ ഇതിൽ ഏത് വിഭാഗത്തിൽപ്പെടുന്നവരെന്നും വ്യക്തമാക്കിയിട്ടുണ്ടോ | |
| 4 | പഠനയാത്രയ്ക്ക് വിദ്യാർത്ഥികളെ അനുഗമിക്കുന്ന അദ്ധ്യാപകരുടെ പേര്, തസ്തിക ഇവ വ്യക്തമാക്കിയിട്ടുണ്ടോ | |
| 5 | അസിസ്റ്റന്റ്/അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ കുറയാത്ത ആ വകുപ്പിലെ തന്നെ രണ്ട് സ്ഥിരം അദ്ധ്യാപകർ വിദ്യാർത്ഥികളുടെ കൂടെ പഠനയാത്രയിൽ അനുഗമിക്കുന്നുണ്ടോ | |
| 6 | വിദ്യാർത്ഥിനികൾ പഠനയാത്രയ്ക്കുണ്ടെങ്കിൽ ആ വകുപ്പിലെ തന്നെ ഒരു സ്ഥിരം അദ്ധ്യാപികയെ ഉൾപ്പെടുത്തിയിട്ടുണ്ടോ | |
| 7 | 20 വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക എന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ടോ എന്ന വ്യവസ്ഥ പാലിച്ചിട്ടുണ്ടോ | |
| 8 | വിദ്യാർത്ഥികളുടെ പേരടങ്ങുന്ന ലിസ്റ്റ്, അനുഗമിക്കുന്നവരുടെ ലിസ്റ്റും പഠനയാത്രയ്ക്കായുള്ള പ്രോഗ്രാം എന്നിവ പ്രിൻസിപ്പാൾ അതാത് കാര്യാലയത്തില് സൂക്ഷിച്ചിട്ടുണ്ടോ | |
| 9 | സന്ദർശിക്കുന്ന സ്ഥലങ്ങളിൽ ചുരുങ്ങിയത് 80% എങ്കിലും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ടതാണ് എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ | |

150 YEARS OF CELEBRATING THE MAHATMA

**കുറിപ്പ്:-** ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ സ്ഥാപനങ്ങൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയത്തിലും മറ്റു ജില്ലകളിലെ സ്ഥാപനങ്ങൾ കോതമംഗലം മേഖലാ കാര്യാലയത്തിലും അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

### സാക്ഷ്യപത്രം

മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ കൃത്യമായി പാലിച്ചിട്ടുള്ളതിന്റെ സ്ഥാപന മേധാവിയെന്ന നിലയിൽ ഞാൻ വിദ്യാർത്ഥികൾക്ക് പഠനയാത്രാനുമാതി (ബ്രാഞ്ച്/സെമസ്റ്റർ).................................................ശുപാർശ ചെയ്യുന്നു.

പ്രിൻസിപ്പാൾ